

THURSDAY 04/12/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA


**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/12/2025

1. 2025 ഡിസംബർ 05 ന തിരുവനന്തപുരം മ്യൂസിയം റോഡിലുള്ള ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് എഞ്ചിനീയറിങ് ഹാളിൽ നടത്താനിരുന്ന ലോക മണ്ണ് ദിനാഘോഷം എന്ന പരിപാടി മാറ്റി വച്ച വിവരം മണ്ണ പര്യവേഷണ മണ്ണ സംരക്ഷണ വകുപ്പ് ഡയറക്ടർ അറിയിച്ചു.

2. കൃഷിവകുപ്പ് വിവിധ ഫാമുകൾ മുഖേന ക്രിസ്മസ് ട്രീകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. അരക്കേറിയ, തുജാ, ഗോൾഡൻ സൈപ്രസ് എന്നിങ്ങനെയുള്ള നിത്യഹരിത അലങ്കാര വൃക്ഷങ്ങളാണ് ആകർഷകമായ ചട്ടികളിൽ, അലങ്കരിക്കാൻ പാകമായി വളർത്തി, ക്രിസ്മ്സ് ട്രീകളായി കൃഷിവകുപ്പ് ഫാമുകളിലൂടെ വിൽപ്പന നടത്തുന്നത്. പരിസ്ഥിതി സൗഹൃദമായ ആഘോഷങ്ങൾ എന്ന സന്ദേശം നൽകിക്കൊണ്ടാണ് കൃഷിവകുപ്പ് ഇത്തരമൊരു പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. വിവിധ ജില്ലകളിലെ 25 ഫാമുകളിലായി രണ്ടായിരത്തോളം ക്രിസ്മസ് ട്രീ തൈകൾ എച്ച്.ഡി.പി.ഇ/മൺചട്ടി എന്നിവയിലാണ് വിതരണത്തിനായി തയ്യാറാക്കിയിരിക്കുന്നത്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഗോൾഡൻ സൈപ്രസ് – മൂന്നടി ഉയരം – 300 രൂപയും, തുജ – രണ്ട് വർഷം പ്രായമായത് – 500 രൂപയും, അരക്കേറിയ – നാലടി ഉയരം – 400 രൂപ എന്നീ നിരക്കിലാണ് വില്പനയ്ക്ക് ലഭ്യമാക്കിയിരിക്കുന്നത്. **തിരുവനന്തപുരം ജില്ലയിൽ** ചിറയൻകീഴ് സ്റ്റേറ്റ് സീഡ് ഫാം, ഫോൺ നമ്പർ 9383470299, **കൊല്ലം ജില്ലയിൽ** അഞ്ചൽ, ഡിസ്ട്രിക്അഗ്രികൾച്ചറൽ ഫാം, ഫോൺ നമ്പർ 9383470361, കരുനാഗപ്പള്ളി കോക്കനട്ട് നഴ്സറി, ഫോൺ നമ്പർ 9383470336, കൊട്ടാരക്കര, സ്റ്റേറ്റ് സീഡ് ഫാം, ഫോൺ നമ്പർ 9383470336, കടയ്ക്കൽ, സ്റ്റേറ്റ് സീഡ് ഫാം, ഫോൺ നമ്പർ 9383470334, **പത്തനംതിട്ട ജില്ലയിൽ** അടൂർ, സ്റ്റേറ്റ് സീഡ് ഫാം, ഫോൺ നമ്പർ 9383470516 എന്നീ ഫാമുകളിൽ ലഭ്യമാണ്.

3. വയനാട് അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സെന്റർ ഓഫ് എക്സലൻസ് ഫോർ ഫ്ലവേഴ്സ് ആൻഡ് വെജിറ്റബിൾസിൽ നിന്നും ക്യാബേജ്, കോളിഫ്ലവർ, ബ്രോക്കോളി, ബീൻസ്, പാലക് ചീര തൈകൾ, തണ്ണിമത്തൻ വിവിധയിനം സങ്കരയിനം പച്ചക്കറി തൈകൾ,

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഹൈബ്രിഡ് പുഷ്പ വിള തൈകൾ, ദീർഘകാല പച്ചക്കറി വിളകളായ ഹൈബ്രിഡ് പപ്പായ, മുരിങ്ങ, കാന്താരി മുളക്, ചതുരപ്പയർ എന്നിവയുടെ തൈകൾ മുൻകൂർ ഓർഡർ ചെയ്യുന്ന പ്രകാരം തയ്യാറാക്കി നൽകുന്നതാണ്. ചെറിയ അളവിൽ RARS കൗണ്ടറിൽ നിന്ന് വാങ്ങാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9562304546.

4. റബ്ബറുത്പാദകസംഘങ്ങളുടെയും അവയുടെ കീഴിലുള്ള സ്വാശ്രയ സംഘങ്ങളുടെയും രൂപീകരണം / ശാക്തീകരണം, റബ്ബറുത്പാദകസംഘങ്ങൾക്ക് സ്പ്രേയർ/ഡസ്റ്റർ വാങ്ങൽ, റബ്ബറുത്പാദകസംഘങ്ങളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന സമൂഹസംസ്കരണശാലകളുടെ നവീകരണം, നിലവിലുള്ള സമൂഹസംസ്കരണശാലകൾക്കായി പുതിയ പുകപ്പുരകളുടെ നിർമാണം എന്നിവയ്ക്ക് റബ്ബർബോർഡിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് ഓൺലൈൻ ആയി അപേക്ഷ സമർപിക്കാനുള്ള അവസാന തിയതി 2025 ഡിസംബർ 15-ലേക്ക് നീട്ടിയിരിക്കുന്നു. ഇനിയും അപേക്ഷ സമർപ്പിക്കാത്തവർ ഈ അവസരം പ്രയോജനപ്പെടുത്തി നിശ്ചിത

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തീയതിക്കകം അപേക്ഷകൾ സമർപ്പിക്കാൻ താൽപര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് റീജിയണൽ ഓഫീസുകളോ ഫീൽഡ് സ്റ്റേഷനുകളോ ആയി ബന്ധപ്പെടുകയോ റബ്ബർബോർഡ് വെബ് സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ ചെയ്യുക.

5. റബ്ബർതോട്ടങ്ങളിൽ വേനൽകാലത്ത് നടപ്പാക്കേണ്ട സംരക്ഷണ നടപടികളെക്കുറിച്ചറിയാൻ റബ്ബർബോർഡ് കോൾസെന്ററിൽ വിളിക്കാം. ഇതു സംബന്ധമായ ചോദ്യങ്ങൾക്ക് **2025 ഡിസംബർ 05 വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ** ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ഫേബ ജോസഫ് ഫോണിലൂടെ മറുപടി പറയും. കോൾസെന്റർ നമ്പർ 04812576622.

## പരിശീലന പരിപാടി

6. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷന് സെന്ററിൽ **'തേനീച്ചവളർത്തൽ'** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. ₹550/– രൂപയാണ് ഫീസ്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ പ്രവൃത്തി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ദിവസങ്ങളിൽ 8547070773 എന്ന ഫോണ് നമ്പറിൽ ബന്ധപ്പെടാവുന്നതാണ് .

7. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറെ ആഭിമുഖ്യത്തിൽ **"ആട് വളർത്തൽ"** എന്ന വിഷയത്തിൽ ഡിസംബർ 5 ന് (05/12/2025) മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491-2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ കൊണ്ടുവരേണ്ടതാണ്.

8. **കാർഷിക നിർദ്ദേശം**

നേന്ത്ര വാഴകളിൽ കാണുന്ന പിണ്ടിപ്പുഴുവിനെതിരെ മുൻകരുതലായി വേപ്പെണ്ണ സോപ്പ് മിശ്രിതം 2% വീര്യത്തിൽ തയ്യാറാക്കി തടയിൽ തളിച്ച് കൊടുക്കുക. കൂടാതെ വാഴത്തടകളിൽ 4 മാസം മുതൽ ചെളിക്കുഴമ്പ് തേച്ച് പിടിപ്പിക്കുന്നത് ഫലപ്രദമാണ്. മെറ്റാറൈസിയം

വാർത്ത ഉണ്ണൻമാർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്ന ജീവാണു കൾച്ചർ ഇലക്കവിളുകളിൽ ഇട്ടു കൊടുക്കുന്നത് വാഴയുടെ തണ്ടുതുരപ്പനെതിരെ ഫലപ്രദമാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം